3. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് അപ്പപ്പോൾ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

4. ഓരോ ജോലിയ്ക്കും കൃത്യമായ സമയപരിധി നിശ്ചയിച്ച് നിർദ്ദിഷ്ട ഓഫീസർമാർക്ക് ചുമതല നൽകുകയും ചെയ്യുന്നു.

5. പോപ്പുലർ കമ്മറ്റി രൂപീകരിച്ച് പ്രസ്തുത കമ്മറ്റിയുടെ സഹായം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രയോജനപ്പെടുത്തി വരുന്നു.

(സി&ഡി) ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയതുൾപ്പെടെ 957 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം

28(*58) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് വേണ്ടി കേന്ദ്രത്തിൽ നിന്നും 1999-2000-ൽ എന്തു തുക ലഭിച്ചു ;

(ബി) 2000-2001 -ൽ ഇതുവരെ എന്ത് തുക ലഭിച്ചിട്ടുണ്ട് ;

(സി) 1999-2000-ലും 2000-2001 -ലും ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ എത്ര ശതമാനം വീതം ചെലവഴിച്ചു ;

(ഡി) ഈ വർഷം ചെലവു കുറയുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) വർഷാവർഷം ചെലവഴിക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണോ കേന്ദ്രം അടുത്ത വർഷത്തേക്ക് തുക അനുവദിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് വേണ്ടി 1999-2000-ൽ കേന്ദ്രത്തിൽ നിന്നും 3456.30 ലക്ഷം രൂപ ലഭിച്ചു.

(ബി) 2873 ലക്ഷം രൂപ

(സി) 1999-2000-ൽ 4227.56 ലക്ഷം രൂപ ചെലവഴിച്ചു. 1999-2000-ൽ ലഭിച്ച കേന്ദ്രവിഹിതമായ 3456.30 ലക്ഷം രൂപയും വർഷാരംഭത്തിലുള്ള നീക്കിയിരിപ്പു തുകയായ 2925.88 ലക്ഷം രൂപയും ചേർത്ത് ആകെ ലഭ്യമായ തുക 6382.18 ലക്ഷം രൂപ ആയിരുന്നു. ഇതിന്റെ 66% തുക ചെലവഴിച്ചിട്ടുണ്ട്. 2000-2001-ൽ നീക്കിയിരിപ്പ് തുക 2154.62 ലക്ഷം രൂപയും ഇതിന്റെ കൂടെ കേന്ദ്രത്തിൽ നിന്നും ലഭിച്ച 2873 ലക്ഷം രൂപയും ചേർത്ത് ആകെ ലഭ്യമായ തുക 5027.62 ലക്ഷം രൂപ. 2000-2001-ൽ ഇതുവരെ (30 നവംബർ 2000 വരെ) ചെലവായ തുക 1226 ലക്ഷം രൂപയാണ്. ഇത് ലഭ്യമായ തുകയുടെ 24.38% ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വർഷം ചെലവു കുറയുവാനുണ്ടായ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു.

(i) പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ സ്ഥലങ്ങൾ അതതു പഞ്ചായത്തുകളിൽ നിന്നും ലഭിക്കാനുണ്ടാകുന്ന കാലതാമസം.

(ii) വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എൻജിനീയർമാരുടെ നിരവധി ഒഴിവുകൾ.

(iii) പി.വി.സി./സി.ഐ. പൈപ്പുകൾ വാങ്ങുന്നതിനുണ്ടായിട്ടുള്ള കാല താമസം.

ഈ പറഞ്ഞ കാരണങ്ങൾമൂലം പദ്ധതികൾ ഉദ്ദേശിച്ചത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ഇ) ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള കേന്ദ്രധന സഹായം രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ഗൈഡ് ലൈൻസ് അനുസരിച്ച് രണ്ട് ഗഡുക്കളായാണ് കേന്ദ്രം അനുവദിക്കുന്നത്. ഇതിൽ ആദ്യ ഗഡു വർഷാവർഷം ഏപ്രിൽ മാസത്തിൽ റിലീസ് ചെയ്യും. ഇത് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളൊന്നും ഇല്ല. രണ്ടാമത്തെ ഗഡു റിലീസ് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളുണ്ട്. ഇതിൽ പ്രധാന നിബന്ധന അതതുവർഷത്തേയ്ക്ക് ലഭ്യമായിട്ടുള്ള തുകയുടെ 60% ഡിസംബർ മാസത്തോടെ ചെലവഴിച്ചിരിക്കണമെന്നുള്ളതാണ്.

ജപ്പാൻ സഹായത്തോടുകൂടിയ ജലവിതരണ പദ്ധതികൾ

29(*59) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലാറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടുകൂടി സംസ്ഥാനത്ത് എത്ര ജലവിതരണ പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിരുന്നത് ; എവിടെയെല്ലാം ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭ്യമാകും ;

(സി) ഇതിനകം ഈ പദ്ധതികൾക്ക് വേണ്ടി എന്തു തുക ചെലവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതികൾക്കുള്ള വിഹിതം ജപ്പാൻ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു കൈമാറിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ഇ) ഈ പദ്ധതികൾക്കുവേണ്ടി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി എത്രത്തോളമായി ;

(എഫ്) ഇപ്പോൾ ഈ പദ്ധതികൾ സംബന്ധിച്ച പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly